LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തിൽ റെഗുലറായി പഠിച്ച് കെ.ജി.ടി.ഇ. അഡ്വാൻസ്ഡ് കോഴ്സ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് പാസായി ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സ്വകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള പരിചയ സർട്ടിഫിക്കറ്റിന്റെമാത്രം പിൻബലത്തിൽ അപേക്ഷ നൽകി ആർക്കും എഴുതാവുന്ന കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) സർട്ടിഫിക്കറ്റിന് തുല്യമായി പരിഗണിക്കാൻ സാധിക്കില്ലെന്ന് സർക്കാർ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുല്യത സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ ലഭിക്കുന്ന അപേക്ഷകളിൽ അനാവശ്യ കാലതാമസം വരുത്തുന്നുണ്ടോയെന്ന കാര്യം പരിശോധിക്കുമോ?

കെ.ജി.റ്റി.ഇ. & പ്രിന്റിംഗ് (ലോവർ) കോഴ്സ് നിലവില്ല. നിലവിലുള്ള കോഴ്സായ കെ.ജി.റ്റി.ഇ. പ്രീ പ്രസ്സ് ഓപ്പറേഷൻ/പ്രസ്സ് വർക്ക് /പോസ്റ്റ് പ്രസ്സ് എന്നിവയ്ക്ക് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ഒരു വർഷം ദൈർഘ്യമുള്ള കോഴ്സ് പൂർത്തീകരിക്കേണ്ടതാണ്. കേവലം പരിചയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരീക്ഷയ്ക്ക് പങ്കെടുക്കുവാൻ സാധിക്കില്ല. തുല്യതാ സർട്ടിഫിക്കറ്റിനായി ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം വരുത്താതെ തുല്യത അനുവദിച്ചുവരുന്നു.

### ഉന്നതവിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനം

126 (2846) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) നിലവിലുള്ള കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും സിലബസും കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിവരുന്നത് പ്രധാനമായും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലാണ്. ബിരുദതല വിദ്യാഭ്യാസം ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ ഈ സമ്പ്രദായം സംസ്ഥാനത്ത് 2009-10 മുതൽ നടപ്പിലാക്കി തുടങ്ങി. ഇതിന് ചുവടുപിടിച്ച് കേരളത്തിലെ സർവ്വകലാശാലകൾ

ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും പുന:സംഘടിപ്പിച്ചു. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ വിശദമായി റിപ്പോർട്ട് തയ്യാറാക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇപ്പോൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ.ഡി. ജമ്മീസ് അദ്ധ്യക്ഷനായ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി നൽകുന്ന കരിക്കുലം ഫ്രെയിം വർക്കിൽ, വൈജ്ഞാനിക രംഗത്തെ പുതിയ അറിവുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതികൾ രൂപീകരിക്കാനാണ് സർവ്വകലാശാലകൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകിവരുന്നത്.

## എഞ്ചിനീയറിംഗ് കോളേജുകളിൽനിന്ന് പഠിച്ചിറങ്ങുന്നവരുടെ നൈപുണ്യശേഷി

127 (2847) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്ന് പഠിച്ചിറങ്ങുന്നവർ നൈപുണ്യശേഷി കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് കെ.ടി.യു. എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2015 മുതൽ outcome based education system ആണ് പിൻതുടരുന്നത്. അതിൻപ്രകാരം കോഴ്സുകളിലൂടെ വിദ്യാർത്ഥികളുടെ നൈപുണ്യം വിലയിരുത്തപ്പെടുന്നു. വിദ്യാർത്ഥികളിൽ സ്വയം പഠനം (self Learning) പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ Project management, finance management എന്നിവ പാഠ്യപദ്ധതിയുടെ ഭാഗമാണ്.

(ബി) ഉന്നത വിദ്യാഭ്യാസ കോഴ്സുകൾ പാശ്ചാത്യ മാതൃകയിൽ ക്രെഡിറ്റ് ബേസ്ഡ് ആക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ക്രെഡിറ്റ് ബേസ്ഡ് സിസ്റ്റമാണ് പിൻതുടരുന്നത്.

(സി) സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും കുറ്റമറ്റതാക്കാൻ കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly